SUNDAY 05/10/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

Government of Kerala

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/10/2025

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ കെ വി വൈ – പി ഡി എം സി സൂക്ഷ്മ ജലസേചനം (പി ഡി എം സി മൈക്രോ ഇറിഗേഷൻ) പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്, സ്പ്രിംഗ്ളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനുപുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ

കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ – 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ – 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാര് വകയിരുത്തുകയും അതിൽ 72.81 കോടി നിലവില് ലഭ്യമാക്കിയിട്ടുണ്ട്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. തരിശുരഹിത നെൽപ്പാടം പദ്ധതിയുടെ ഭാഗമായി വർക്കല ഇലകമൺ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ്റെ പരിധിയിലുള്ള തരിശുനിലങ്ങളിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ ഇലകമൺ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. മറ്റുള്ളവരെക്കൊണ്ട് കൃഷി ചെയ്യിക്കാൻ താല്പര്യമുള്ള തരിശുനിലങ്ങളുടെ ഉടമകൾക്കും പ്രസ്തുത പദ്ധതി പ്രകാരം **ഒക്ടോബർ** 30 വരെ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ഇലകമൺ കൃഷി ഓഫീസർ അറിയിച്ചു.

3. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലേക്ക് രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ വാക്ക്ഇൻ ഇന്റർവ്യൂ വഴി താൽകാലികമായി നിയമിക്കുന്നു. അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവരും കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ, പ്രത്യേകിച്ച് പേജ് മേക്കറിൽ പ്രാവീണ്യവും ബന്ധപ്പെട്ട മേഖലകളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകരുടെ പ്രായം 2025 ഒക്ടോബർ 01–ന് 30 വയസ്സിൽ കവിയരുത്. താൽപര്യമുള്ളവർ 2025 ഒക്ടോബർ 14ന്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രാവിലെ 10.00 മണിക്ക് വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, പ്രായം മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം പുതുപ്പള്ളിയിലുള്ള മാർക്കറ്റ് പ്രമോഷൻ ഡിവിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്) മുൻപാകെ അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർ ബോർഡിന്റെ വെബ്സൈറ്റ് www.rubberboard.gov.in) സന്ദർശിക്കുകയോ 0481-2353790, 9074562290 എന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. ആനിമൽ ഹസ്ബൻഡ്രി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻ്റ് ഫണ്ട് -AHIDF ഉപയോഗിച്ച് ഡയറി, കോഴി, മാംസ സംസ്കരണ യൂണിറ്റുകൾ, സാങ്കേതിക സഹായത്തോടെയുള്ള ബ്രീഡ് ഇംപ്രൂവ്മെന്റ് ഫാമുകൾ, "മൃഗങ്ങളുടെ മാലിന്യം സമ്പത്തിലേക്ക്" അല്ലെങ്കിൽ "വെറ്ററിനറി വാക്സിൻ/മരുന്ന് നിർമ്മാണ യൂണിറ്റുകൾ" എന്നിവ സ്ഥാപിക്കുന്നതിനോ നവീകരിക്കുന്നതിനോ ഉള്ള യോഗ്യതയുള്ള ടേം ലോണിന് പരിധിയില്ലാതെ 3% പലിശ സബ്വെൻഷൻ, 2 വർഷത്തെ തിരിച്ചടവ് മൊറട്ടോറിയം എന്നിവ നേടുക.

## പരിശീലന പരിപാടി

5. കൊല്ലം ജില്ലയിലെ കൊട്ടിയം മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 9,10 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെ "കറവപ്പശു പരിപാലനം വ്യാവസായികാടിസ്ഥാനത്തിൽ" എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തപ്പെടുന്നു. 10 പശുക്കളിൽ കൂടുതൽ വളർത്തുന്നവർക്കും വളർത്താൻ ആഗ്രഹിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447525485 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 07/10/2025. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

6. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ **ആട് വളർത്തൽ** പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 7 ന് രാവിലെ 10 മുതൽ 5 വരെ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഒക്ടോബർ നാലിനകം 04936 297084 മുഖേന മുൻകൂട്ടി

ff



പേര് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം